REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 24-06-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനത്തിന് ഇന്ന് തുടക്കം. പുതിയ അംഗങ്ങൾക്ക് പ്രോടെം സ്പീക്കർ ഭർതൃഹരി മഹ്താബ് സത്യവാചകം ചൊല്ലിക്കൊടുക്കും.
- വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ അബൂദാബിയിലെത്തി. യു.എ.ഇ വിദേശകാര്യ മന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാനുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി.
- സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ ഇന്ന് തുടങ്ങും. മലബാറിലെ സീറ്റ് പ്രതിസന്ധിയിൽ ചർച്ച നാളെ.
- രാജ്യത്തെ ആദ്യ യുനെസ്കോ സാഹിത്യനഗരിയായി കോഴിക്കോടിനെ പ്രഖ്യാപിച്ചു.
- വയനാട് കേണിച്ചിറയിൽ ഭീതി പരത്തിയ കടുവ വനം വകുപ്പ് സ്ഥാപിച്ച കൂട്ടിൽ കുടുങ്ങി.
- ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ എട്ടിൽ ഇന്ന്,
- ഇന്ത്യ - ഓസ്ട്രേലിയ പോരാട്ടം.

## വാർത്തകൾ വിശദമായി

**പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനത്തിന് ഇന്ന് തുടക്കമാകും. ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങൾക്ക് പ്രോടെം സ്പീക്കർ ഭർതൃഹരി മഹ്താബ് സത്യവാചകം ചൊല്ലിക്കൊടുക്കും. മറ്റന്നാളാണ് സ്പീക്കർ തിരഞ്ഞെടുപ്പ്.**

**ഡെസ്ക് റിപ്പോർട്ട്**

...... വോയിസ്....

ലോക്സഭ സമ്മേളനത്തിന് മുന്നോടിയായി രാഷ്ട്രപതി ഭവനിൽ പ്രോടെം സ്പീക്കർ ഭർതൃഹരി മഹ്താബിന് രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും. തുടർന്ന് സഭ സമ്മേളിക്കുമ്പോൾ, ലോക്സഭാ നേതാവായ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സഭാംഗമായി സത്യപ്രതിജ്ഞ ചെയ്യാൻ മഹ്താബ് ആദ്യം ക്ഷണിക്കും. അതിനുശേഷം സ്പീക്കറുടെ തിരഞ്ഞെടുപ്പ് വരെ സഭാ നടപടികൾ നടത്തുന്നതിൽ മെഹ്താബിനെ സഹായിക്കാൻ നിയോഗിക്കപ്പെട്ട ചെയർപേഴ്സൺമാരുടെ പാനൽ സത്യവാചകം ചൊല്ലും. തുടർന്ന് ലോക്സഭാംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രമന്ത്രിമാരുടെ സത്യപ്രതിജ്ഞ നടക്കും. അതിനു ശേഷമാകും പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുക.

വ്യാഴാഴ്ച രാഷ്ടപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്തസമ്മേളനത്തെ അഭിസംബോധന ചെയ്യും. രാജ്യസഭാ സമ്മേളനവും വ്യാഴാഴ്ച ആരംഭിക്കും. അടുത്ത മാസം മൂന്ന് വരെയാണ് പാർലമെന്റ് സമ്മേളനം.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ഇന്ന് 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും നടക്കും.

അടുത്ത മാസം 25 വരെ നീണ്ടു നിൽക്കുന്ന സഭാ സമ്മേളനം ഈ മാസം 10 നാണ് ആരംഭിച്ചത്.

✪✪✪

ഔദ്യോഗിക സന്ദർശനത്തിനായി യുഎഇയിലെത്തിയ  വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ യു.എ.ഇ വിദേശകാര്യ മന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെയും യു എ ഇയുടെയും സമഗ്രവും തന്ത്രപരവുമായ പങ്കാളിത്തത്തെക്കുറിച്ച് ആഴത്തിൽ ചർച്ച നടത്തിയതായി കൂടിക്കാഴ്ചക്ക് ശേഷം അദ്ദേഹം എക്സ് പോസ്റ്റിൽ പറഞ്ഞു.

ഇന്നലെ വൈകീട്ട് അബൂദബിയിലെത്തിയ എസ് ജയശങ്കർ ഈ വർഷം ഫെബ്രുവരിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്ത സ്വാമിനാരായണ മന്ദിർ സന്ദർശിച്ചു. തുടർന്ന് ലൂവ്രെയിൽ അന്താരാഷ്ട്ര യോഗ ദിനാചരണത്തിലും അദ്ദേഹം പങ്കെടുത്തു.

✪✪✪

വെള്ളപ്പൊക്ക നിവാരണത്തിന് നദികളിലെ ജലനിരപ്പ് പ്രവചന സംവിധാനം നവീകരിക്കാൻ ശ്രമിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നിർദേശം നൽകി. വെള്ളപ്പൊക്ക നിവാരണ മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യാൻ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് അമിത് ഷായുടെ നിർദേശം.

രാജ്യത്തെ വെള്ളപ്പൊക്ക ഭീഷണി ലഘൂകരിക്കുന്നതിന് സമഗ്രവും ദൂരവ്യാപകവുമായ നയം രൂപീകരിക്കുന്നതിനുള്ള ദീർഘകാല നടപടികളും അവലോകനം ചെയ്തു.

✪✪✪

നീറ്റ് - UG പരീക്ഷ ചോദ്യപേപ്പർ ചോർച്ച കേസിൽ CBI, FIR രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങി. വിദ്യാഭ്യാസ മന്ത്രാലയം നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് FIR രജിസ്റ്റർ ചെയ്തത്.

അതിനിടെ, ബിഹാറിലെ നവാഡ ജില്ലയിൽ ചോദ്യപേപ്പർ ചോർച്ച അന്വേഷിക്കാൻ ഡൽഹിയിൽ നിന്നെത്തിയ CBI സംഘത്തെ ഗ്രാമീണർ ആക്രമിച്ചു. രജൗലി പോലീസ് സ്റ്റേഷൻ പരിധിയിലെ കാസിയാദിഹ് ഗ്രാമത്തിലാണ് സംഭവം. അന്വേഷണ സംഘത്തിന്റെ വാഹനങ്ങളും അക്രമികൾ തകർത്തു.

✪✪✪

ജാർഖണ്ഡിലെ ഹസാരിബാഗിലെ പ്രൊഫഷണൽ അന്തർസംസ്ഥാന സംഘടിത സംഘമാണ് നീറ്റ്-യുജി പരീക്ഷ പേപ്പർ ചോർത്തിയതെന്ന് ബിഹാർ പോലീസിന്റെ സാമ്പത്തിക കുറ്റകൃത്യ വിഭാഗം അറിയിച്ചു. ഈ സംഘത്തിലെ 13 അംഗങ്ങളെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തതായും ബീഹാർ പോലീസ് വാർത്താ കുറിപ്പിൽ അറിയിച്ചു.

NTA ഏർപ്പെടുത്തിയ ഗതാഗതം, സംഭരണം, കൈമാറ്റം, ഏറ്റെടുക്കൽ എന്നിവയുടെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമത്തിൽ കൃത്രിമം നടത്തിയതാണ് പേപ്പർ ചോർച്ചയ്ക്ക് ഇടയാക്കിയത്.

✪✪✪

സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ ഇന്ന് തുടങ്ങും. മുഖ്യ അലോട്മെന്റ് വെള്ളിയാഴ്ച പൂർത്തിയായിരുന്നു. മെറിറ്റിൽ ഇനി 41,222 സീറ്റുകളാണ് അവശേഷിക്കുന്നത്. ഇവ ഉൾപ്പെടുത്തി സപ്ലിമെന്ററി അലോട്മെന്റ് നടത്തും.

ഓരോ സ്കൂളിലും അവശേഷിക്കുന്ന സീറ്റുകളുടെ പട്ടിക ജൂലൈ രണ്ടിന് ഹയർ സെക്കൻഡറി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

അലോട്മെന്റ് ലഭിക്കാത്തവർ സ്കൂളുകളിൽ മിച്ചമുള്ള സീറ്റുകളുടെ പട്ടിക പരിശോധിച്ച് അപേക്ഷ പുതുക്കണമെന്ന് വിദ്യാഭ്യാസവകുപ്പ് അറിയിച്ചു.

പ്ലസ് വൺ  ആദ്യ ബാച്ചിനെ തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വി ശിവൻകുട്ടി സ്വാഗതം ചെയ്യും.

✪✪✪

പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ വിവിധ വിദ്യാർത്ഥി സംഘടനളുമായി മന്ത്രി വി ശിവൻകുട്ടി നാളെ ചർച്ച നടത്തും. നാളെ ഉച്ചക്ക് ശേഷം സെക്രട്ടറിയേറ്റിലാണ് ചർച്ച.  വിദ്യാർത്ഥി സംഘടനകൾ നൽകിയ നിവേദനങ്ങൾ പരിഗണിച്ചാണ് മന്ത്രി സംഘടനകളെ ചർച്ചയ്ക്ക് വിളിച്ചത്.

✪✪✪

മലബാർ പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ മന്ത്രി ശിവൻകുട്ടിയുടെ വാഹനം തടഞ്ഞ് കരിങ്കൊടി കാണിച്ച സംഭവത്തിൽ KSU നേതാവിനെ പോലീസ് അറസ്റ്റ് ചെയ്തു. KSU തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട് ഗോപു നെയ്യാറിലനെയാണ് ഇന്നലെ വീട്ടിലെത്തി പോലീസ് സംഘം അറസ്റ്റ് ചെയ്തത്.

✪✪✪

രാജ്യത്തെ ആദ്യ യുനെസ്കോ സാഹിത്യനഗരിയായി കോഴിക്കോടിനെ പ്രഖ്യാപിച്ചു. ഇന്നലെ വൈകീട്ട് മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക ജൂബിലി ഹാളിൽ മന്ത്രി M.B രാജേഷ് ആണ് പ്രഖ്യാപനം നിർവഹിച്ചത്. കോഴിക്കോടിന് ലഭിച്ച ഈ അംഗീകാരം സംസ്ഥാനത്തിനും രാജ്യത്തിന് തന്നെയും മാതൃകയാണെന്ന് മന്ത്രി പറഞ്ഞു. ആത്മാവുള്ള നഗരമാണ് കോഴിക്കോട്. കൊൽക്കത്ത പോലുള്ള വൻ സാഹിത്യ പാരമ്പര്യമുള്ള നഗരങ്ങളെ പിന്തള്ളി യുനെസ്കോ സാഹിത്യപദവി കോഴിക്കോടിന് കിട്ടാൻ കോർപ്പറേഷന്റെ ചിട്ടയായ പ്രവർത്തനം കാരണമായതായും മന്ത്രി പറഞ്ഞു.

കോഴിക്കോട് ആകാശവാണി കോഴിക്കോടിന്റെ മാത്രമല്ല കേരളത്തിന്റെ സാഹിത്യത്തിനും കലക്കും സംസ്കാരത്തിനും നൽകിയ സംഭാവനകൾ അമൂല്യമാണെന്നും മന്ത്രി എം ബി രാജേഷ് വ്യക്തമാക്കി.

കോഴിക്കോട് കോർപ്പറേഷന്റെ സാഹിത്യ വജ്രജൂബിലി പുരസ്കാരം ജ്ഞാനപീഠ ജേതാവ് എം ടി വാസുദേവൻ നായർക്ക് അദ്ദേഹത്തിന്റെ വീട്ടിലെത്തി മന്ത്രി രാജേഷ് കൈമാറി.

✪✪✪

ഛത്തീസ്ഗഡിൽ മാവോയിസ്റ്റ് ആക്രമണത്തിൽ വീരമൃത്യു വരിച്ച, CRPF കോബ്ര യൂണിറ്റിലെ മലയാളി ജവാൻ തിരുവനന്തപുരം പാലോട് സ്വദേശി വിഷ്ണുവിന്റെ ഭൗതിക ശരീരം ഉടൻ നാട്ടിലെത്തിക്കുമെന്ന് മുൻ കേന്ദ്ര

സഹമന്ത്രി V.മുരളീധരൻ അറിയിച്ചു. ഇതിനായി നടപടികൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്നലെ ഉച്ചക്ക് ഛത്തീസ്ഗഢിലെ തെക്കൽഗുഡാ തിമാപൂരിന് സമീപമുണ്ടായ കുഴി ബോംബ് ആക്രമണത്തിലാണ് വിഷ്ണു ഉൾപ്പെടെ രണ്ടുപേർ വീരമൃത്യു വരിച്ചത്.

✪✪✪

ഛത്തീസ്ഗഢിൽ നക്സൽ ആക്രമണത്തിൽ രണ്ട് CRPF ജവാന്മാർ വീരമൃത്യു വരിച്ച സംഭവത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി.

✪✪✪

വയനാട് കേണിച്ചിറയിൽ ഭീതി പരത്തിയ കടുവ വനം വകുപ്പ് സ്ഥാപിച്ച കൂട്ടിൽ കുടുങ്ങി. പ്രദേശത്തെ കിഴക്കയിൽ സാബുവിന്റെ വീട്ടിൽ സ്ഥാപിച്ച കൂട്ടിലാണ് ഇന്നലെ രാത്രി 11 മണിയോടെ കടുവ കുടുങ്ങിയത്. കഴിഞ്ഞ ഒരാഴ്ച്ചക്കിടെ നാല് പശുക്കളെ കൊന്ന കടുവയെ മയക്കുവെടിവെച്ച് പിടികൂടാൻ വനം വകുപ്പ് ഉത്തരവിറക്കിയിരുന്നു. ഇതിനിടയിലാണ് കടുവ കൂട്ടിൽ കുടുങ്ങിയത്. കടുവയെ പിന്നീട് കുപ്പാടി പുനരധിവാസകേന്ദ്രത്തിലേക്ക് മാറ്റി.

✪✪✪

സൗത്ത് വയനാട് DFO ആയി അജിത് കെ രാമനെ നിയമിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. വയനാട്ടിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഉടൻ നിയമനം നടത്താൻ മന്ത്രി എ കെ ശശീന്ദ്രൻ ഇന്നലെ നിർദേശം നൽകിയിരുന്നു. ഞായറാഴ്ച ആയിട്ടും അടിയന്തര സാഹചര്യം കണക്കിലെടുത്താണ് ഉത്തരവ് പുറപ്പെടുവിച്ചത്.

✪✪✪

ജിഎസ്ടിയിലെ കേന്ദ്ര - സംസ്ഥാന നികുതി പങ്ക് വയ്ക്കൽ അനുപാതം പുന:പരിശോധിക്കണമെന്ന് കഴിഞ്ഞ ദിവസം ചേർന്ന ജി എസ് ടി കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടതായി മന്ത്രി K.N ബാലഗോപാൽ തിരുവനന്തപുരത്ത് അറിയിച്ചു. നിലവിൽ 50:50 എന്നതാണ് അനുപാതം. ഇത് 40:60 ആയി മാറ്റണമെന്നും GST യുടെ 60 ശതമാനമെങ്കിലും സംസ്ഥാനങ്ങൾക്ക് ഉറപ്പാക്കണമെന്നും GST യോഗത്തിൽ കേരളം ആവശ്യപ്പെട്ടതായി മന്ത്രി പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....വോയിസ്.....

ഇ കൊമേഴ്സ് വഴി കച്ചവടം നടക്കുമ്പോൾ GSTR-8 റിട്ടേണിൽ നികുതി ഏതു സംസ്ഥാനത്തേക്കാണ് പോകേണ്ടത് എന്ന വിവരം കൂടി ഉൾപ്പെടുത്താൻ കഴിഞ്ഞ ദിവസം ചേർന്ന ജിഎസ്ടി കൗൺസിൽ യോഗത്തിൽ തീരുമാനമായതായി മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. സംസ്ഥാനം നടത്തിയ പഠനത്തിലൂടെ കണ്ടെത്തിയ വസ്തുതകൾ നിരത്തിയാണ് പ്രശ്ന പരിഹാരം തേടിയതെന്നും തീരുമാനം സംസ്ഥാനത്തിന് വലിയ പ്രയോജനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിഷയത്തിൽ റിട്ടേണുകൾ കൃത്യമായ സമയത്ത് നൽകാത്തതുമൂലം നോട്ടീസ് ലഭിച്ച വ്യാപാരികൾക്ക് കൃത്യമായ കണക്ക് ലഭ്യമാക്കാൻ ഒരു അവസരംകൂടി നൽകാൻ തീരുമാനിച്ചതായി മന്ത്രി അറിയിച്ചു. 2021 വരെയുള്ള റിട്ടേണുകളിൽ ഇൻപുട്ട് ക്രഡിറ്റുമായി ബന്ധപ്പെട്ട് നോട്ടീസ് ലഭിച്ച വ്യാപാരികൾക്കാണ് ഈ സൗകര്യം ലഭിക്കുക.

ജിഎസ്ടിയിലെ കൊള്ളലാഭം തടയുന്നതിന് നടപടികൾ ശക്തമാക്കണമെന്നും കേരളം GST കൗൺസിലിൽ ആവശ്യപ്പെട്ടു.

✪✪✪

ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ എട്ടിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. സെന്റ് വിൻസന്റിലെ ഡാരൻ സമി ദേശീയ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി എട്ടിനാണ് മത്സരം. സെമി ഫൈനൽ പ്രവേശനം ഉറപ്പിക്കണമെങ്കിൽ ഇന്ത്യക്ക് ഇന്ന് ജയം അനിവാര്യമാണ്. ഓസ്ട്രേലിയയുമായി തോറ്റാൽ നാളെ നടക്കുന്ന അഫ്ഗാനിസ്താൻ-ബംഗ്ലാദേശ് മത്സരത്തെ ആശ്രയിച്ചിരിക്കും ഇന്ത്യയുടെ സെമി സാധ്യത.

ഇന്ന് പുലർച്ചെ ആറിന് തുടങ്ങിയ മറ്റൊരു മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് ദക്ഷിണാഫ്രിക്കയുമായി ഏറ്റുമുട്ടുകയാണ്. ഒടുവിൽ വിവരം കിട്ടുമ്പോൾ ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിന് ഇറങ്ങിയ വെസ്റ്റ് ഇൻഡീസ് 10.5 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 72 റൺസെടുത്തിട്ടുണ്ട്.

✪✪✪

ദക്ഷിണാഫ്രിക്കയ്ക്കെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പര തൂത്തുവാരി ഇന്ത്യ. ബംഗളൂരുവിൽ നടന്ന മൂന്നാം ഏകദിനത്തിൽ 216 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 40.4 ഓവറിൽ 6 വിക്കറ്റിന് ജയിച്ചു.

✪✪✪

തുർക്കിയിലെ അന്റാലിയയിൽ അമ്പെയ്ത്ത് വേൾഡ് കപ്പ് സ്റ്റേജ് 3 മത്സരത്തിലെ രണ്ട് ഇനങ്ങളിൽ ഇന്ത്യയുടെ ധീരജ് ബൊമ്മദേവര വെങ്കല മെഡൽ നേടി. പുരുഷന്മാരുടെ വ്യക്തിഗത റികർവ് ഇനത്തിലും, ഭജൻ

കൗറിനൊപ്പം മിക്സഡ് ടീം ഇനത്തിലുമാണ് ധീരജ് ബൊമ്മദേവര മെഡൽ സ്വന്തമാക്കിയത്.

✪✪✪

കസാഖിസ്താനിൽ കോണ്ടിനെന്റൽ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിലെ ലോങ്ജംപിൽ മലയാളി താരം നയന ജെയിംസ് സ്വർണം നേടി. 6.39 മീറ്റർ ചാടിയാണ് കോഴിക്കോട് ചക്കിട്ടപ്പാറ സ്വദേശിയായ നയന സ്വർണം നേടിയത്.

✪✪✪

പ്രകൃതിദത്ത പാചക വാതകം പൈപ്പ് ലൈൻ വഴി വീടുകളിലെത്തിക്കുന്ന പദ്ധതി കണ്ണൂരിൽ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കണ്ണൂർ കോർപറേഷനിൽ കണക്ഷൻ നൽകുന്നതിന്റെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം കോർപറേഷൻ മേയർ മുസ്‌ലിഹ് മഠത്തിൽ നിർവഹിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ ...

.... വോയിസ്....

✪✪✪

സംസ്ഥാനത്ത്, ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪